**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2248** **13-09-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ എത്ര അതിക്രമ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്രപേർ ഇത്തരം അതിക്രമങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്; എത്ര കേസുകളിൽ കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ട്.എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്തുണ്ടായ വിവിധ സംഭവങ്ങൾക്കിടെ മുൻസർക്കാരിന്റെ കാലം മുതൽ 23.08.2023 വരെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം കുറ്റം ചുമത്തിയ 8833 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവങ്ങളിൽ 107 പേർ മരണപ്പെടുകയുണ്ടായി. അന്വേഷണം പൂർത്തിയായ 6058 കേസുകളിൽ കുറ്റക്കാരെ കണ്ടെത്തി. വിചാരണ പൂർത്തിയായ 220 കേസുകളിലെ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ